പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4224 — 25.06.2014 ലെ മറുപടിക്ക്

## പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.ടി.സികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി കളിൽ വിവിധ കാറ്റഗറികളിലുള്ള തസ്തികകളുടെ എണ്ണം ഇനം തിരിച്ച് നൽകാമോ; | (എ) | ട്രെയിനിംഗ് സൂപ്രണ്ട് - 44<br>ട്രെയിനിംഗ് ഇൻസ്ട്രക്ടർ - 90<br>ഓഫീസ് അറ്റൻഡന്റ് -43<br>സ്വീപ്പർ-കം-വാച്ച്മാൻ -44 |
| (ബി) | പ്രസ്തുത ജീവനക്കാരുടെ ശമ്പള സ്കെയിൽ തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (ബി) | ട്രെയിനിംഗ് സൂപ്രണ്ട് - (14620-25280)<br>ട്രെയിനിംഗ് ഇൻസ്ട്രക്ടർ - (13900-24040)<br>ഓഫീസ് അറ്റൻഡന്റ് -(8500-13210)<br>സ്വീപ്പർ-കം-വാച്ച്മാൻ -(8500-13210) |
| (സി) | ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ സമാന തസ്തികകളിലുള്ള ജീവനക്കാരുടെ ശമ്പള സ്കെയിലുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ജീവനക്കാരുടെ ശമ്പള സ്കെയിൽ താഴ്ന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി)<br>&<br>(ഡി) | ട്രെയിനിംഗ് സൂപ്രണ്ട് തസ്തികയുടെ ശമ്പള സ്കെയിൽ താഴ്ന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, സ്കെയിലിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിശോധിക്കുകയും 9-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കി 4 വർഷം കഴിഞ്ഞതിനാലും 10-ാം ശമ്പള കമ്മീഷൻ പ്രവർത്തനം തുടങ്ങിയിട്ടുള്ളതിനാലും ഈ വിഷയം 10-ാം ശമ്പള കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത അപാകത ഒഴിവാക്കുന്നതിന് മതിയായ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ